# 'പാകമാകാത്ത ഈ കുപ്പായം താങ്കൾ അണിയരുതായിരുന്നു'

## ശശി തരൂരിന് ബിനോയ് വിശ്വത്തിന്റെ തുറന്ന കത്ത്

പ്രിയപ്പെട്ട ശ്രീ ശശി തരൂർ,

താങ്കളെപ്പോലെയുള്ള ഒരാളിന്റെ മനസ്സിൽ ഒരു രാഷ്ട്രീയ പ്രവർത്തകൻ ഉറങ്ങിക്കിടപ്പുണ്ടെന്ന് ഒരിക്കൽപ്പോലും സൂചനകളുണ്ടായിട്ടില്ല. ദേശീയ താൽപ്പര്യങ്ങൾ മനസ്സിലാക്കാൻ കെൽപ്പുള്ള സഹൃദയനായ ഒരു നയതന്ത്രവിദഗ്ധൻ എന്ന നിലയിലാണ് കേരളം താങ്കളെ കണ്ടത്. യുഎൻ സെക്രട്ടറി ജനറലായി താങ്കളുടെ പേര് നിർദേശിക്കപ്പെട്ടപ്പോൾ രാജ്യം പൊതുവിൽ അതിനെ സ്വാഗതം ചെയ്യുകയായിരുന്നു. അപ്പോഴും സാർവദേശീയ-ദേശീയ പ്രശ്നങ്ങളിൽ താങ്കളുടെ നിലപാട് എന്താണെന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ച എന്തുകൊണ്ടോ ഉണ്ടായില്ല. ലോകരാഷ്ട്രീയത്തിന്റെ ഗതിക്രമത്തിൽ ഇരു നിലപാടാണ് അമേരിക്ക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സിയോണിസ്റ്റ് ലോബിക്ക് എന്നുമുണ്ടായിരുന്നത്. അവരുടെ മാനസപുത്രനെപ്പോലെ താങ്കൾ വാദിക്കുമെന്ന് ആരും കരുതിയിട്ടുണ്ടാകില്ല. ഇത് ഗൗരവമേറിയ പല ദേശീയ-അന്തർദേശീയ വിഷയത്തിലും ഇസ്രയേലി സിയോണിസ്റ്റുകളുടെ അംബാസഡറെപ്പോലെ താങ്കൾ വാദിക്കുമ്പോൾ ശരാശരി ഇന്ത്യക്കാരനുണ്ടാകുന്ന അമ്പരപ്പ് താങ്കൾക്ക് മനസ്സിലാകുമോ എന്നറിയില്ല. ആ നിലപാടുകളുമായി ഒരാൾ ഇന്ത്യൻ പ്രതിനിധിയായി-യുഎൻ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന നയതന്ത്ര ദുരന്തം ഏത് ഇന്ത്യക്കാരനെയും ഭയപ്പെടുത്തുന്നു.

ഭീകരവാദത്തെ ചെറുത്തുതോൽപ്പിക്കണമെന്ന് സാമാന്യബോധമുള്ള ഏവരും അംഗീകരിക്കും. എന്നാൽ, ഇസ്ലാമെന്നാൽ ഭീകരവാദമാണെന്നും ഭീകരവാദത്തിനെതിരായ സമരം ഇസ്ലാം മതവിശ്വാസത്തിനെതിരായ സമരമാണെന്നുമുള്ള വാദം നീതിബോധമുള്ളതല്ല. അത് ഇസ്രയേലി സിയോണിസ്റ്റുകൾ അവരുടെ കണ്ണിൽ ചോരയില്ലാത്ത ക്രൂരതയ്ക്ക് മറയായി മുന്നോട്ടുവയ്ക്കുന്ന വിഷലിപ്തവാദമുഖമാണ്. ഇന്ത്യയിൽ സംഘപരിവാറാണ് ഈ സിയോണിസ്റ്റ്വാദത്തിന്റെ പകർപ്പവകാശികൾ. ആഗോളതലത്തിൽ അമേരിക്കൻ സാമ്രാജ്യത്വമാണ് സത്യവിരുദ്ധവും മുസ്ലിംവിരുദ്ധവുമായ നിലപാടിന്റെ തലതൊട്ടപ്പന്മാർ. ഇന്ത്യക്കും ഇസ്രയേലിനും ഒരു പൊതുശത്രുവുണ്ടെന്നും പൊതുതാൽപ്പര്യമുണ്ടെന്നും സ്ഥാപിച്ചുകൊണ്ട് താങ്കൾ ജനുവരി 19ന് 'ദി ഓസ്ട്രേലിയനി'ലും 23ന് ഇസ്രയേലി ദിനപത്രമായ 'ഹാരേറ്റ്സി'ലും എഴുതിയ ലേഖനത്തിന്റെ പകർപ്പുകൾ എന്റെ മുന്നിലുണ്ട്. ആ ലേഖനരചനയിലൂടെ താങ്കൾ ഉദ്ദേശിച്ചതെന്താണ്? സാമ്രാജ്യത്വവും സിയോണിസവും സംഘപരിവാറും പങ്കുവയ്ക്കുന്ന പൊതു ആശയങ്ങൾക്ക് താങ്കളുടെ മനസ്സിലും ഒരിടമുണ്ടെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുക എന്നതാണോ? എങ്കിൽ ആ ഉദ്ദേശ്യനിർവഹണത്തിൽ താങ്കൾ ഭാഗികവിജയം നേടിയിരിക്കുന്നു. എന്നാൽ, ആ നിലപാട് ഇന്ത്യൻ ജനതയുടേതല്ല. പലസ്തീൻ ജനതയുമായുള്ള ഇന്ത്യയുടെ സൗഹൃദബന്ധങ്ങൾക്കു നിരക്കാത്തതാണത്. ന്യൂനപക്ഷവേട്ടയ്ക്ക് തക്കം പാർത്തിരിക്കുന്ന ഭൂരിപക്ഷവർഗീയശക്തികൾക്ക് ഉശിരുപകരുന്നതാണ് ആ വാദം. താങ്കളുടെ രാഷ്ട്രീയപ്രവേശത്തിന് പാതയൊരുക്കിയ കോൺഗ്രസ് പാർടിപോലും ഈ നിലപാടിനെ പരസ്യമായി പിന്തുണയ്ക്കില്ലെന്ന് എനിക്കു തോന്നുന്നു.

കോൺഗ്രസും താങ്കളും തമ്മിലുള്ള ബന്ധം സത്യത്തിൽ ഒരു പ്രഹേളികയാണോ, ശ്രീ. തരൂർ? 'ഇന്ത്യ അർധരാത്രി മുതൽ അരനൂറ്റാണ്ട്' എന്ന താങ്കളുടെ പുസ്തകം ഇതാ എന്റെ എഴുത്തുമേശമേൽ ഇരിക്കുന്നു. 'സ്വാതന്ത്ര്യത്തിനുശേഷമുള്ള നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ എന്റെ കുട്ടികൾക്ക് ലഭിക്കാൻ പോകുന്ന ഇന്ത്യയെക്കുറിച്ചുള്ള ആത്മനിഷ്ഠവും രോഷാകുലവുമായ ഒരു രൂപരേഖയാണ് ഇത്' എന്ന ആമുഖത്തിലെ വാചകത്തിൽ എന്റെ കണ്ണ് തങ്ങിനിന്നു. ആർക്കെല്ലാം യോജിപ്പുണ്ടെങ്കിലും ഇല്ലെങ്കിലും അരനൂറ്റാണ്ട് പിന്തള്ളിയ ഇന്ത്യയെ സ്വന്തം കണ്ണുകളിലൂടെ താങ്കൾ കണ്ടെത്തുകയായിരുന്നു. ഇത് ഏതൊരു പാർടിയുടെ വക്താവായാണോ താങ്കൾ വേഷമിടുന്നത് ആ കോൺഗ്രസ് പാർടിയുടെ വലിയ നേതാക്കന്മാരെയാണ് 'സോഷ്യലിസ്റ്റ് വാചകമടിയുടെ മറവിൽ സ്വകാര്യസ്വത്ത് സമ്പാദിച്ചുകൂട്ടുന്ന ഖദറിൽ പൊതിഞ്ഞ മാംസപിണ്ഡങ്ങളെന്ന്' താങ്കൾ വിശേഷിപ്പിച്ചത്. രാജീവ് ഗാന്ധിയും സോണിയഗാന്ധിയും ഒന്നും താങ്കളുടെ കൂർത്തുമൂർത്ത വിമർശശരങ്ങളിൽനിന്ന് രക്ഷപ്പെടുന്നില്ല. സമ്മർദത്തിനു വഴങ്ങി പിന്തിരിയുന്ന 'പുത്തൻ കൂറ്റുകാരനായ' രാജീവ് ഗാന്ധിയെക്കുറിച്ച് നെറ്റിചുളിച്ചുകൊണ്ടാണ് താങ്കൾ എഴുതിയത്. കലാശാലാബിരുദമില്ലാത്ത, ടൊറിനോയിലെ കരാറുകാരന്റെ മകൾ ഒരു വിവാഹസർട്ടിഫിക്കറ്റിന്റെ മാത്രം യോഗ്യതയിൽ ഉന്നത സ്ഥാനങ്ങളിൽ എത്തിയതിനെക്കുറിച്ച് ഇന്ത്യയിലെ വരേണ്യ ബുദ്ധിജീവിവർഗം ഹൃദയത്തിൽ കൊണ്ടുനടന്ന രോഷം താങ്കളുടെ പുസ്തകത്തിൽ അണപൊട്ടിയൊഴുകുന്നുണ്ടോ. ചെറിയ കാലയളവിനുള്ളിൽ താങ്കൾക്കുണ്ടായ ഭാവപ്പകർച്ച ശാന്തമായി ചിന്തിച്ചാൽ താങ്കളെത്തന്നെ അത്ഭുതപ്പെടുത്തും. താങ്കളുടെ പുസ്തകത്തിൽ 63-ാമത്തെ പേജിലെ ആ ചെറിയ ഖണ്ഡിക ഇവിടെ ഉദ്ധരിക്കാമെന്ന് എനിക്ക് തോന്നുന്നു. 'തനിക്ക് പാകമാകാത്ത ഒരു കുപ്പായത്തിൽ കയറിക്കൂടാൻ പരമ്പരാഗത ഇന്ത്യൻ രാഷ്ട്രീയനേതാവിന്റെ ഭാഗം അഭിനയിക്കാൻ രാജീവ് ശ്രമിക്കുകയായിരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചക്രം തിരിക്കാൻ ശ്രമിക്കുന്നതിനിടയിൽ എങ്ങോട്ടാണ് പോകേണ്ടതെന്ന് അദ്ദേഹം മറന്നു'.

'പാകമകാത്ത കുപ്പായത്തിൽ കയറി'

കോൺഗ്രസ് സ്ഥാനാർഥിയായി ഇന്ന് താങ്കൾ അവതരിക്കുമ്പോൾ ഏതാനും മാസത്തിനുള്ളിൽ മാറിയത് കോൺഗ്രസാണോ അതോ താങ്കളാണോ എന്ന ചോദ്യം സ്വാഭാവികമായും ഉന്നയിക്കപ്പെടുന്നു. ശരിയാണ്, കോൺഗ്രസിന് മാറ്റമുണ്ടായിട്ടുണ്ട്. വലത്തേക്കുള്ള മാറ്റം; അമേരിക്കൻ പക്ഷത്തേക്കുള്ള മാറ്റം. ആ മാറ്റം സാമ്പത്തിക വിദേശ നയങ്ങളിൽ ഏറെ പ്രകടമായിരിക്കുന്നു. ആ നയംമാറ്റമാണ് ഏതാനും ഇന്ത്യക്കാർക്ക് ശതകോടീശ്വരപട്ടികയിൽ സ്ഥാനം നേടിക്കൊടുത്തപ്പോൾ 73 കോടി ഇന്ത്യക്കാരെ പ്രതിദിനം 20 രൂപപോലും വരുമാനമില്ലാത്ത പട്ടിണിപൗരന്മാരാക്കി മാറ്റിയത് (അർജുൻസെൻ ഗുപ്ത കമീഷൻ റിപ്പോർട്ട് താങ്കളും ശ്രദ്ധിച്ചു കാണുമല്ലോ). ആ മാറ്റമാണ് ഇന്ത്യൻ ഭരണാധികാരികളെ ആണവ കരാറിന്റെ സ്തുതിപാഠകന്മാരാക്കി ത്തീർത്തത്. ആ മാറ്റമാണ് അമേരിക്കയുമായി സംയുക്ത സൈനിക അഭ്യാസത്തിലേക്കും ഇസ്രയേലുമായി ആയുധ ഇടപാടിലേക്കും ഇന്ത്യയെ നയിച്ചത്. ആ മാറ്റം തന്നെയാണ് പലസ്തീനും ഇറാഖുമടക്കമുള്ള സഹോദരജനതകളിൽ നിന്ന് ഇന്ത്യയെ അകറ്റിയത്. രാജ്യത്തിന്റെ മാനാഭിമാനങ്ങളെ സാമ്രാജ്യത്വത്തിന് അടിയറ വയ്ക്കുന്ന ഈ ദാസ്യത്തിന്റെ ദുഃശാഠ്യമാണ് യുപിഎ ഇടതുപക്ഷ സഖ്യത്തെ ഇല്ലായ്മ ചെയ്തത്. ഇതെല്ലാം ഒത്തുചേരുമ്പോഴാണ് ഇന്ത്യൻമണ്ണിൽ മത തീവ്രവാദത്തിന് ശക്തിപ്പെടാൻ കളമൊരുങ്ങുന്നത്. ആഗോള തീവ്രവാദത്തിന്റെ 'ഹിറ്റ് ലിസ്റ്റിൽ' ഇന്ത്യ ഇടം പിടിച്ചത് ഈ മാറ്റങ്ങൾ മൂലമാണ്. 'ടൊറിനോയിലെ കരാറുകാരന്റെ കലാശാല ബിരുദമില്ലാത്ത മകളുടെ' കാല് പിടിച്ചായാലും അധികാര രാഷ്ട്രീയത്തിന്റെ അകത്തളങ്ങളിൽ കയറിക്കൂടാൻ പ്രാവീണ്യം കാണിച്ച താങ്കൾ എത്ര വലിയ മാറ്റത്തിനാണ് വിധേയമായത്!

പ്രിയപ്പെട്ട തരൂർ, പ്രായപൂർത്തിയായതിനുശേഷം ഏതാണ്ട് മുഴുവൻ സമയവും ഇന്ത്യക്കു പുറത്ത് കഴിച്ചുകൂട്ടിയ ഒരാൾ എന്ന് താങ്കളെക്കുറിച്ച് താങ്കൾതന്നെ സമ്മതിക്കുന്നുണ്ടല്ലോ. പ്രബുദ്ധ കേരളത്തിന്റെ ഉൾതുടിപ്പുകളെല്ലാം ഏറ്റുവാങ്ങിയ തിരുവനന്തപുരത്തിന്റെ പ്രതിനിധിയാകാൻ ഈ 'മുഴുവൻ സമയം പുറം ജീവിതം' എങ്ങിനെ യോഗ്യതയാവും?

വ്യക്തിപരമായി സ്നേഹമുള്ള ഒട്ടേറെപ്പേർ ചിന്തിക്കുന്നുണ്ടാകും, 'പാകമാകാത്ത കുപ്പായം' അണിഞ്ഞുകൊണ്ട് താങ്കൾ ഈ രാഷ്ട്രീയ വേഷം കെട്ടിക്കൂടായിരുന്നു എന്ന്. താങ്കൾക്ക് മാത്രമറിയാവുന്ന ഏതോ കാരണത്താൽ ഡൽഹിയിൽ താങ്കൾ നടത്തിയ ചരടുവലികളെക്കുറിച്ച് കോൺഗ്രസ് പ്രവർത്തകർ തന്നെ അങ്ങാടികളിൽ പറയുന്നുണ്ട്. അവർ തന്നെയാണ് ഹൈക്കമാൻഡ് സ്ഥാനാർത്ഥികളുടെ പേര് പ്രഖ്യാപിച്ച മാത്രയിൽ താങ്കളുടെ കോലം അഗ്നിക്കിരയാക്കിയത്. ഹൈക്കമാൻഡിന് സ്വീകാര്യനാവുമ്പോഴും കീഴ്ക്കമാൻഡിനാൽ താങ്കൾ വേട്ടയാടപ്പെടുന്നത് യാദൃശ്ചികമാണെന്ന് കരുതുക വയ്യ. രാഷ്ട്രീയത്തേയും രാഷ്ട്രീയ പ്രവർത്തകരേയും നയതന്ത്രജ്ഞന്റെ കണ്ണുകളിലൂടെ മാത്രം കണ്ട താങ്കളുടെ അമേരിക്കൻ വാസവും പിന്നീട് ദുബായ് കേന്ദ്രീകരിച്ചുകൊണ്ടുള്ള ബിസിനസ് പരിശ്രമങ്ങളും കോൺഗ്രസ് പ്രവർത്തകരുടെ അറിവിലുമുള്ളതാണല്ലോ. അത്തരമൊരാളല്ല തിരുവനന്തപുരത്തിന്റെ എം പി ആകേണ്ടതെന്ന് അവർ ചിന്തിച്ചുപോയാൽ അവരെ കുറ്റപ്പെടുത്തിക്കൂടാ.

ശശി തരൂരിന്റെ സ്ഥാനാർത്ഥിത്വ പ്രഖ്യാപനം ഉണ്ടായത് ഡൽഹിയിലും തിരുവനന്തപുരത്തുമല്ലാ അമേരിക്കയിലായിരുന്നുവെന്ന് താങ്കളുടെ ചില സുഹൃത്തുക്കൾ ഊറ്റം കൊള്ളുന്നുണ്ടെന്നു കേട്ടു. അത് കൊക്കോകോള കമ്പനിയുടെ ഒരു അകത്തള യോഗത്തിലാണെന്നും അത്തരക്കാർ അഭിമാനിക്കുന്നു. അഭിമാനം കൊള്ളുവാൻ ഇത്തരം അപൂർവ്വം പേരുണ്ടാകാമെങ്കിലും കേരളത്തിലേയും ഇന്ത്യയിലേയും ജനങ്ങളുടെ മുമ്പിൽ അതൊരു അഭിമാനകരമായ കാര്യമാകുമെന്ന് കരുതാനാകില്ല. പ്ലാച്ചിമടയിലെ പാവങ്ങളെപ്പറ്റി താങ്കൾ തീർച്ചയായും കേട്ടിരിക്കുമല്ലോ. കൊക്കോകോള കമ്പനി അവിടെ മണ്ണിനോടും മനുഷ്യനോടും ഭൂഗർഭ ജലത്തിനോടും കാണിക്കുന്ന കൊടും കൊള്ളകൾ താങ്കൾ ശ്രദ്ധിച്ചു കാണുമോയെന്നറിയില്ല. മണ്ണിന്റേയും മനുഷ്യന്റേയും പ്രശ്നങ്ങൾ അറിയുന്നവരാകണം തങ്ങളുടെ പ്രതിനിധികളെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. മുന്നണി ബന്ധങ്ങൾക്കതീതമായ സത്യമാണിത്. പ്രായപൂർത്തിയായതിനു ശേഷം ഒരിക്കലും നാട്ടിൽ താമസിച്ചിട്ടില്ലായെന്നതും ഇസ്രയേൽ നയങ്ങളുടെ പിന്തുണക്കാരനാകുന്നതും കൊക്കോ കോള കമ്പനിയുടെ ചങ്ങാതിയാകുന്നതും ഒരിന്ത്യൻ പാർലമെന്റംഗത്തിന്റെ മികവിന് കാരണ മാകുമെന്ന് അവർ ചിന്തിക്കുന്നില്ല .

പ്രിയപ്പെട്ട ശശി തരൂർ, താങ്കളുമായുള്ള സ്നേഹബന്ധത്തെ ഞാൻ വിലമതിക്കുന്നു. അതുകൊണ്ട് തന്നെയാണ് ഞാൻ പറഞ്ഞുപോകുന്നത്, ഈ പാകമാകാത്ത കുപ്പായവുമായി 'ഖദറിൽ പൊതിഞ്ഞ മാംസപിണ്ഡ'ങ്ങളോടൊപ്പം ഒരു സ്ഥാനാർത്ഥിയായി താങ്കൾ അവതരിക്കേണ്ടായിരുന്നു. ഈ സ്ഥാനാർത്ഥിത്വം തീർച്ചയായും താങ്കളെ വലുതാക്കുന്നില്ല. നാടിന്റെ ജനാധിപത്യ ബോധത്തിനു മുമ്പിൽ താങ്കൾ ചെറുതാകുകയാണ്.

സ്നേഹാദരങ്ങളോടെ,

ബിനോയ് വിശ്വം

*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G.Centre

**North Bus Stand, Thrissur-20.**

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com

**books • magazines • periodicals**

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

**for rare and new books**